LIBRARY ARCHIVES Kerala Legislative Assembly

ജൻറം (JnNURM)ലോ ഫ്ലോർ എ.സി. ബസ് സർവ്വീസ്

326 (3148) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലകളിലും ജൻറം ലോഫ്ളോർ എ.സി. ബസ്സുകൾ നിരത്തിലിറക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണെന്ന വിശദമാക്കുമോ ;

(ബി) കേന്ദ്രസർക്കാർ എത്ര ലോഫ്ളോർ എ.സി. ബസുകളാണ് അധികമായി അനുവദിച്ചിട്ടുള്ളത് ; അവ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ JnNURM പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 5 ക്ലസ്റ്ററുകളിലായി 10 ജില്ലകൾക്കാണ് 110 എ.സി. ലോ ഫ്ലോർ ബസ്സുകൾ അനുവദിച്ചിട്ടുള്ളത്. ഇവയിൽ 105 ബസ്സുകൾ ലഭ്യമായതിൽ 76 ബസ്സുകൾ താഴെപ്പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. ബാക്കി 29 ബസ്സുകൾ രജിസ്ട്രേഷൻ, ഫിറ്റ്നസ് ടെസ്റ്റ് നടപടികൾക്കായി കിടക്കുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. 5 ബസ്സുകൾ വോൾവോ കമ്പനി നൽകുവാനുണ്ട്. JnNURM പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലഭ്യമായ 80 എ.സി ബസ്സുകളിൽ 30 എണ്ണം തിരുവനന്തപുരം ജില്ലയിലും 50 എണ്ണം എറണാകുളം ജില്ലയിലും അനുവദിച്ചിട്ടുണ്ട്.

ജില്ല	എണ്ണം
കൊല്ലം	9
ആലപ്പുഴ	8
പത്തനംതിട്ട	6
കോട്ടയം	9

ഇടുക്കി	6
തൃശ്ശൂർ	9
പാലക്കാട്	7
മലപ്പുറം	6
കോഴിക്കോട്	12
വയനാട്	4

ഇവ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

പടിഞ്ഞാറത്തറ-കുറ്റിയാംവയൽ റൂട്ടിൽ KSRTC ബസ് സർവ്വീസ്

327 (3149) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ-കുറ്റിയാം വയൽ റൂട്ടിൽ KSRTC ബസ് സർവ്വീസ് ആരംഭിക്കുന്നതു സംബന്ധിച്ച് ജ്യോതിസ് ബാലജനസഖ്യം സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പടിഞ്ഞാറത്തറ-കുറ്റിയാം വയൽ റൂട്ടിലൂടെ KSRTC ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പടിഞ്ഞാറത്തറ-കുറ്റിയാംവയൽ റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ മതിയായ യാത്രക്കാരെ ലഭ്യമാകാതെ ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയില്ലായെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

(സി) ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയാത്തതിനാൽ ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly